**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 951** **09-10-2024 - ൽ മറുപടിയ്ക്ക്**

**തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | തട്ടേക്കാട് പക്ഷി സങ്കേതത്തിലെ ജനവാസമേഖലയായ 8.9725 ച.കി.മീ. ഒഴിവാക്കി പകരം മൂന്നാർ വനം ഡിവിഷന്റെ പരിധിയിലുള്ള നേരിയമംഗലം റെയിഞ്ചിലെ 10.1694 ച.കി.മീ. വനപ്രദേശം തട്ടേക്കാട് പക്ഷിസങ്കേതത്തോട് കൂട്ടിച്ചേർക്കുന്നതിനുള്ള പ്രൊപ്പോസൽ വന്യജീവി (സംരക്ഷണം) നിയമത്തിലെ സെക്ഷൻ 26 എ (3) ന്റെ വെളിച്ചത്തിൽ തുടർനടപടികൾക്കായി 25/01/2024 ലെ ഡി2/111/2020/വനം നമ്പർ സർക്കാർ കത്ത് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന് സമർപ്പിച്ചിരുന്നു. തുടർന്ന് കേന്ദ്ര മന്ത്രാലയത്തിന്റെ 05/07/2024 ലെ F.No.WL6/109/2024-WL നമ്പർ കത്തിലെ നിർദ്ദേശപ്രകാരം ടി പ്രൊപ്പോസൽ PARIVESH പോർട്ടൽ വഴി കേന്ദ്രസർക്കാരിന് 12/09/2024 നു സമർപ്പിച്ചു. തുടർന്ന് ടി പ്രൊപ്പോസലിന്മേൽ ദേശീയ വന്യജീവി ബോർഡ് ആവശ്യപ്പെട്ട വിശദാംശങ്ങൾ ചർച്ച് ചെയ്ത് തീരുമാനിക്കുന്നതിലേക്കായി സംസ്ഥാന വന്യജീവി ബോർഡ് 05/10/2024 ൽ സ്പെഷ്യൽ യോഗം ചേരുകയും, ചർച്ച ചെയ്ത് ബോർഡിന്റെ ശുപാർശ സഹിതം അംഗീകരിച്ച്, PARIVESH പോർട്ടൽ വഴി ദേശീയ വന്യജീവി ബോർഡിന്റെ അംഗീകാരത്തിനായി 07/10/2024 ൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പക്ഷിസങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | തട്ടേക്കാട് പക്ഷി സങ്കേതത്തിലെ ജനവാസമേഖലയായ 8.9725 ച.കി.മീ. ഒഴിവാക്കി പകരം മൂന്നാർ വനം ഡിവിഷന്റെ പരിധിയിലുള്ള നേരിയമംഗലം റെയിഞ്ചിലെ 10.1694 ച.കി.മീ. വനപ്രദേശം തട്ടേക്കാട് പക്ഷിസങ്കേതത്തോട് കൂട്ടിച്ചേർക്കുന്നതിനുള്ള പ്രൊപ്പോസൽ വന്യജീവി (സംരക്ഷണം) നിയമത്തിലെ സെക്ഷൻ 26 എ (3) ന്റെ വെളിച്ചത്തിൽ തുടർനടപടികൾക്കായി 25/01/2024 ലെ ഡി2/111/2020/വനം നമ്പർ സർക്കാർ കത്ത് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ |

| | | | |
|---|---|---|---|
| | | | വ്യതിയാന വകുപ്പിന് സമർപ്പിച്ചിരുന്നു. തുടർന്ന് കേന്ദ്ര മന്ത്രാലയത്തിന്റെ 05/07/2024 ലെ F.No.WL6/109/2024-WL നമ്പർ കത്തിലെ നിർദ്ദേശപ്രകാരം ടി പ്രൊപ്പോസൽ PARIVESH പോർട്ടൽ വഴി കേന്ദ്രസർക്കാരിന് 12/09/2024 നു സമർപ്പിച്ചു. തുടർന്ന് ടി പ്രൊപ്പോസലിന്മേൽ ദേശീയ വന്യജീവി ബോർഡ് ആവശ്യപ്പെട്ട വിശദാംശങ്ങൾ ചർച്ച് ചെയ്തു തീരുമാനിക്കുന്നതിലേക്കായി സംസ്ഥാന വന്യജീവി ബോർഡ് 05/10/2024 ൽ സ്പെഷ്യൽ യോഗം ചേരുകയും, ചർച്ച ചെയ്ത് ബോർഡിന്റെ ശുപാർശ സഹിതം അംഗീകരിച്ച്, PARIVESH പോർട്ടൽ വഴി ദേശീയ വന്യജീവി ബോർഡിന്റെ അംഗീകാരത്തിനായി 07/10/2024 ൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ